**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3204** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണ പദ്ധതിയുടെ തുക വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ എം വിൻസെൻറ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിച്ച തുക പര്യാപ്തമല്ല എന്നത് വസ്തുതയാണോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉച്ചഭക്ഷണ പദ്ധതിയിൻ കീഴിൽ സപ്ലിമെന്ററി ന്യൂട്രിഷനായി സ്കൂൾ കുട്ടികൾക്ക് അനുവദിച്ച് വരുന്ന പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവയ്ക്കാവശ്യമായി വരുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യവും 01.10.2022 തീയതി പ്രാബല്യത്തിൽ കേന്ദ്രസർക്കാർ മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) ഇനത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാർ മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ നൽകുന്ന തുക 2022-ൽ വർദ്ധിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കാൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ഉച്ചഭക്ഷണ പദ്ധതിയിൻ കീഴിൽ സപ്ലിമെന്ററി ന്യൂട്രിഷനായി സ്കൂൾ കുട്ടികൾക്ക് അനുവദിച്ച് വരുന്ന പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവയ്ക്കാവശ്യമായി വരുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യവും 01.10.2022 തീയതി പ്രാബല്യത്തിൽ കേന്ദ്രസർക്കാർ മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) ഇനത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | സപ്ലിമെന്ററി ന്യൂട്രിഷന്റെ ഭാഗമായി സ്കൂളുകളിലെ കുട്ടികൾക്ക് തുക അനുവദിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി സ്കൂളുകൾക്ക് അനുവദിക്കുന്ന തുകയിൽ (മെറ്റീരിയൽ കോസ്റ്റ്) നിന്നാണ് സപ്ലിമെന്ററി ന്യൂട്രീഷന്റെ ചെലവുകൾ നടത്തുന്നത്. ഇതിനായി പ്രത്യേകം തുക അനുവദിക്കുന്നില്ല. നടപ്പ് സാമ്പത്തിക വർഷം ഈയിനത്തിൽ 275,93,59,457/- (ഇരുനൂറ്റി എഴുപത്തിയഞ്ച് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി നാനൂറ്റി അൻപത്തിയേഴ് രൂപ മാത്രം) രൂപയാണ് തുക ചെലവ് വന്നിട്ടുള്ളത്. ടി പദ്ധതിയിൻ കീഴിൽ സപ്ലിമെന്ററി ന്യൂട്രിഷനായി സ്കൂൾ കുട്ടികൾക്ക് അനുവദിച്ച് വരുന്ന പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവയ്ക്കാവശ്യമായി വരുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യവും 01.10.2022 തീയതി പ്രാബല്യത്തിൽ കേന്ദ്രസർക്കാർ മെറ്റീരിയൽ കോസ്റ്റ് (പാചക |

| | | | |
|---|---|---|---|
| | | | ചെലവ്) ഇനത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ